# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം
2012 ഡിസംബർ 10, തിങ്കൾ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| മുഖ്യമന്ത്രി |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി |
| വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |

### നിയമവിരുദ്ധമായ ഫോൺ ചോർത്തൽ

*1 ശ്രീ. എളമരം കരീം
,, കെ. കെ. ജയചന്ദ്രൻ
,, റ്റി. വി. രാജേഷ്
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനപ്രതിനിധികൾ ഉൾപ്പെടെ രാഷ്ട്രീയ പ്രവർത്തകരുടെ ഫോൺ കോളുകൾ പോലീസ് നിരന്തരം ചോർത്തുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെങ്കിലും ജനപ്രതിനിധികളുടെയോ രാഷ്ട്രീയ പ്രവർത്തകരുടെയോ, മാധ്യമ പ്രവർത്തകരുടേയോ ജുഡീഷ്യൽ ഓഫീസർമാരുടെയോ ഫോൺ കോളുകൾ ചോർത്താൻ അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) ഫോൺകോൾ ചോർത്തുന്നതിന് അനുവാദം നൽകുന്നത് രാജ്യസുരക്ഷയുമായി ബന്ധപ്പെട്ട ഏതെല്ലാം സാഹചര്യത്തിലായിരിക്കണമെന്നും അത് സംബന്ധിച്ച നിയമവ്യവസ്ഥകളും വിശദമാക്കാമോ ; ഫോൺ ചോർത്തലിന് ഐ. ടി. ആക്ടിന്റെ പരിരക്ഷ കിട്ടുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) നിയമവിരുദ്ധമായ ഫോൺ ചോർത്തൽ സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഇ) ഏത് സംവിധാനം ഉപയോഗിച്ച് ആരുടെയെല്ലാം നിയന്ത്രണങ്ങൾക്ക് വിധേയമായിട്ടാണ് ഫോൺ കോളുകൾ ചോർത്തിക്കൊണ്ടിരിക്കുന്നതെന്ന്
വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>സ്വാഭാവിക വനം</u>

*2 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനപ്രദേശത്തിന് പുറമേ സ്വാഭാവിക വനം നിർമ്മിക്കുവാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഏതെല്ലാം ഫലവൃക്ഷങ്ങളാണ് ഈ സ്വാഭാവിക വനത്തിൽ വച്ചുപിടിപ്പിക്കാനുദ്ദേശിക്കുന്നത്;

(സി) സ്വാഭാവിക വനങ്ങളിൽ ഔഷധസസ്യങ്ങളും മരങ്ങളും നട്ടുവളർത്തുന്നകാര്യം പരിഗണിക്കുമോ;

(ഡി) സ്വാഭാവിക വനത്തെക്കുറിച്ച് പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും അവബോധം സൃഷ്ടിക്കുന്നതിന് പരിപാടികൾ സംഘടിപ്പിക്കുമോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>കൊച്ചി മെട്രോ</u>

*3 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. ,, കെ. രാധാകൃഷ്ണൻ
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡൽഹി മെട്രോ വൻ വിജയമാക്കിയ ഇ. ശ്രീധരനേയും അദ്ദേഹത്തിന്റെ കീഴിൽ വികസിച്ച ഡെൽഹി മെട്രോ കോർപ്പറേഷനേയും കൊച്ചി മെട്രോ പദ്ധതിയിൽ സഹകരിപ്പിക്കുന്നതിന് കേന്ദ്ര വിജിലൻസ് കമ്മീഷന്റെ വിലക്കുള്ളതായി കരുതുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കൺസൾട്ടന്റുമാരുടെ നിയമനം സംബന്ധിച്ച് കേന്ദ്ര വിജിലൻസ് പുറത്തിറക്കിയ സർക്കുലർ ടേൺ കീ സമ്പ്രദായത്തിലുള്ള പദ്ധതിയ്ക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബാധകമാണെന്ന് സർക്കാർ കരുതുന്നുണ്ടോ; ഈ നിലയിലുള്ള ഉപദേശം സർക്കാരിന് ആരെങ്കിലും നൽകിയിട്ടുണ്ടെങ്കിൽ ആരെന്ന് വ്യക്തമാക്കുമോ;

(സി) തുടർ നടപടികൾ സ്വീകരിക്കുന്നതിൽ സമയനഷ്ടം വരുത്തിയിരിക്കുന്നതു മൂലം ഇപ്പോൾ തന്നെ പദ്ധതിയുടെ അടങ്കൽ തുക വർദ്ധിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഡി.എം.ആർ.സി.യെ സഹകരിപ്പിച്ചുകൊണ്ട് മുൻ സർക്കാർ സ്വീകരിച്ച നിലപാടുമായി മുന്നോട്ടു പോകാൻ തയ്യാറാകുമോ?

## കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

റോഡ് സുരക്ഷാ നിയമങ്ങൾ

*4 ശ്രീ. കെ. എം. ഷാജി
,, പി. കെ. ബഷീർ
" പി. ബി. അബ്ദുൾ റസാക്
" കെ.മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷാ നിയമങ്ങളും, മോട്ടോർ വാഹന നിയമങ്ങളും പാലിക്കാത്തവർക്കെതിരെയുള്ള നിയമ നടപടികൾ കർശനമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെതരത്തിലുളള നിയമ ലംഘനങ്ങൾക്കെതിരെയാണ് നടപടികൾ ശക്തമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മദ്യപിച്ചുളള ഡ്രൈവിംഗ്, അമിത വേഗത, ഗ്ലാസ്സുകൾ മറയ്ക്കൽ, ലൈസൻസില്ലാതെയുളള ഡ്രൈവിംഗ്, മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ടുളള ഡ്രൈവിംഗ് എന്നീ നിയമലംഘനങ്ങൾക്ക് കർശന ശിക്ഷ ഉറപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

വിവരാവകാശനിയമം

*5 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ
,, റ്റി.എ. അഹമ്മദ് കബീർ
,, എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവരാവകാശനിയമം സംസ്ഥാനത്ത് നടപ്പാക്കിയ ശേഷം അതിന്റെ പ്രയോഗക്ഷമതയും ഗുണദോഷങ്ങളും അനുബന്ധപ്രശ്നങ്ങളും സംബന്ധിച്ച് വിലയിരുത്തലെന്തെങ്കിലും നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) സാധാരണ പൗരന് ലഭിച്ച ഈ അവകാശം നിഷേധിക്കുന്നതിനെയും, നിയമം ദുരുപയോഗം ചെയ്യുന്നതിനെയും സംബന്ധിച്ച് പരിശോധിക്കുന്നതിനും, സുഗമമായ നടത്തിപ്പിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പടുവിക്കുന്നതിനും ഉചിതമായ നടപടി സ്വീകരിക്കുമോ;

(സി) നിയമം കുറ്റമറ്റരീതിയിൽ നടപ്പാക്കുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കുന്ന നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) വിവരങ്ങൾ യഥാവിധി ലഭ്യമാക്കാത്ത ഉദ്യോഗസ്ഥർ കമ്മീഷന്റെ നടപടികളിൽ നിന്നും ഒഴിവാകാൻ കോടതികളെ സമീപിക്കുന്ന സ്ഥിതിവിശേഷം നിയമത്തിന്റെ നടപ്പാക്കലിനെ ബാധിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

## കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>പെൻഷൻ പദ്ധതി</u>

*6 ശ്രീ. എം. ഹംസ
,, എ. കെ. ബാലൻ
,, ജി. സുധാകരൻ
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്യുന്നവർ ഉൾപ്പെടെയുള്ളവരുടെ വാർദ്ധക്യകാല സംരക്ഷണത്തിന് മാതൃകാപരമായി പ്രവർത്തിക്കാൻ തയ്യാറാകുമോ;

(ബി) എല്ലാ തൊഴിലുടമകളും അവരുടെ തൊഴിലാളികളോടുള്ള ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നു എന്നുറപ്പുവരുത്തുവാൻ ഒരു തൊഴിലുടമ എന്ന നിലയിൽ സർക്കാർ മാതൃക കാണിക്കുമോ;

(സി) എങ്കിൽ നിർദ്ദിഷ്ട പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിച്ച് നിലവിലുള്ള സ്ഥിതി തുടരാൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>കൊച്ചി മെട്രോ റെയിൽവേ</u>

*7 ശ്രീ. എസ്. ശർമ്മ
,, കോടിയേരി ബാലകൃഷ്ണൻ
,, സാജു പോൾ
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽവേയുടെ നിർമ്മാണ ചുമതല ഡി.എം.ആർ.സി. യേയും ശ്രീ. ഇ. ശ്രീധരനേയും ഏല്പിക്കുവാൻ തയ്യാറാകുമോ ;

(ബി) നിർമ്മാണച്ചുമതല സംബന്ധിച്ച് മുഖ്യമന്ത്രി കേന്ദ്രമന്ത്രിമാരുമായി നടത്തിയ ചർച്ചകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഡി.എം.ആർ.സിയുടെയും ശ്രീ.ഇ.ശ്രീധരന്റെയും ചുമതലകൾ വ്യക്തമാക്കുമോ ;

(ഡി) കൊച്ചി മെട്രോയുടെ നിർമ്മാണച്ചുമതലയുടെ കാര്യത്തിൽ ഡി.എം.ആർ.സി.യുമായി ഉണ്ടായിരുന്ന ധാരണകളിൽ നിന്നും വ്യത്യസ്തമായി ഇപ്പോഴത്തെ സ്ഥിതി ഉളവാകാനിടയായ സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>വിഴിഞ്ഞം തുറമുഖ പദ്ധതി</u>

*8

ശ്രീ. കെ. മുരളീധരൻ
,, എ. റ്റി. ജോർജ്
,, ആർ. സെൽവരാജ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കാൻ എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) ഇതിന്റെ മാസ്റ്റർപ്ലാൻ അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പദ്ധതിക്കുള്ള പാരിസ്ഥിതിക അനുമതിക്ക് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) പദ്ധതിയുടെ ഭാഗമായി സാമൂഹിക ഉത്തരവാദിത്തമുള്ള ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്;

(ഇ) പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ട പുനരധിവാസ പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ?

## കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ നേരിടുന്ന കാലതാമസം

*9 ശ്രീ. പാലോട് രവി
,, ഐ. സി. ബാലകൃഷ്ണൻ
,, വി.റ്റി. ബൽറാം
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്രകാരമുള്ള ഒഴിവുകൾ പി.എസ്.സിയെ ഇ–മെയിലിലൂടെ അറിയിക്കുന്നകാര്യം പരിഗണിക്കുമോ ;

(സി) ഇത് നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

നെല്ലിയാമ്പതിയിലെ പാട്ടക്കരാർ ലംഘനം

*10 ശ്രീ. പുരുഷൻ കടലുണ്ടി
ശ്രീ. എം. ഹംസ
,, രാജു എബ്രഹാം
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുരുതരമായ പാട്ടക്കരാർ ലംഘനം നടന്നുവെന്ന് വനം വകുപ്പ് കണ്ടെത്തിയ നെല്ലിയാമ്പതിയിലെ തോട്ടങ്ങൾ ഏറ്റെടുക്കാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ;

(ബി) നെല്ലിയാമ്പതിയിലെ ഏതെല്ലാം തോട്ടങ്ങൾ വനം വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലായിട്ടുണ്ട്; അവശേഷിക്കുന്നവ ഏതൊക്കെ; അവ ഓരോന്നും ഏറ്റെടുക്കുന്നതിനുള്ള തുടർ നടപടികൾ ഇപ്പോൾ ഏതെല്ലാം ഘട്ടങ്ങളിലാണ് ;

(സി) ഏറ്റെടുത്ത ഭൂമി തിരിച്ച് നൽകേണ്ടി വന്ന സാഹചര്യം എന്തായിരുന്നു; ഇതിൽ വീഴ്ച വരുത്തിയവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു ;

(ഡി) വനം വകുപ്പിന്റെ ഏറ്റെടുക്കൽ നടപടികൾക്കെതിരെ ഏതെല്ലാം തലങ്ങളിൽ നിന്നാണ് സർക്കാരിന് സമ്മർദ്ദം ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(ഇ) ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കേസുകളുടെ നടത്തിപ്പിലുൾപ്പടെ ഇക്കാര്യത്തിൽ നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്ന വീഴ്ചകൾക്ക് കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>ചെറുകിട ഇടത്തരം തുറമുഖങ്ങളുടെ വികസനം</u>

*11 ശ്രീ. സി.കെ. സദാശിവൻ
,, പി.കെ. ഗുരുദാസൻ.
,, കെ. ദാസൻ
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട ഇടത്തരം തുറമുഖങ്ങൾ സ്വകാര്യപങ്കാളിത്തത്തോടെ വികസിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം തുറമുഖങ്ങൾക്ക് അത് ബാധകമായിട്ടുണ്ട്; സ്വകാര്യപങ്കാളികളാരെല്ലാമാണ് ; വിശദമാക്കാമോ ;

(സി) കൊല്ലം തങ്കശ്ശേരി തുറമുഖവും ഇപ്രകാരം പി.പി.പി മാതൃകയിൽ വികസിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) 2012–2013 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റിൽ തുക വകയിരുത്തിയ പദ്ധതികൾക്ക് ഭരണാനുമതി നൽകാത്തതെന്താണെന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>കള്ള് ഉല്പാദനവും വിപണനവും</u>

*12 ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ. കെ. നാരായണൻ
,, വി. ചെന്താമരാക്ഷൻ
ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കള്ള് ഉല്പാദനവും വിപണനവും നിരോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കള്ള് ഉല്പാദനം സംബന്ധിച്ച് അംഗീകരിച്ച ഉദയഭാനു കമ്മീഷൻ ശുപാർശകൾ എന്തായിരുന്നു;

(സി) പരമ്പരാഗത കള്ളുചെത്ത് വ്യവസായരംഗത്ത് എത്ര തൊഴിലാളികൾ പ്രവർത്തിക്കുന്നുണ്ടെന്നും, എത്ര നാളികേര കൃഷിക്കാർ ഈ രംഗത്തുണ്ടെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>വ്യാജ സ്പിരിറ്റ് കടത്ത്</u>

*13 ശ്രീ. എം. ഉമ്മർ
,, പി ഉബൈദുള്ള
,, സി. മോയിൻകുട്ടി
,, റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനധികൃത സ്പിരിറ്റ് കടത്ത് സംസ്ഥാനത്തിന്റെ സാമൂഹ്യ, സാമ്പത്തിക മേഖലകളിൽ ഉണ്ടാക്കുന്ന ദുസ്വാധീനത്തെക്കുറിച്ചും അപകടങ്ങളെക്കുറിച്ചും പരിശോധിച്ചിട്ടുണ്ടോ ;

(ബി) വ്യാജ സ്പിരിറ്റു കടത്തിലൂടെ നേടുന്ന ഭീമമായ സമ്പത്ത് സംസ്ഥാനത്തിന്റെ ക്രമസമാധാനത്തിനും സാമൂഹ്യ ഭദ്രതയ്ക്കുമെതിരെ പ്രയോഗിക്കുന്നുണ്ടോ എന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) സ്പിരിറ്റു കടത്തു കേസുകളിൽ ഭൂരിഭാഗത്തിലും തൊണ്ടി മുതൽ കിട്ടിയാലും പ്രതികളെ ലഭിക്കാത്ത കാര്യം ഗൗരവത്തിലെടുത്ത് അന്വേഷണം നടത്തുമോ ;

(ഡി) 2012–ൽ എത്ര സ്പിരിറ്റു കടത്തു കേസുകൾ രജിസ്റ്റർ ചെയ്തു ; എത്രയെണ്ണത്തിൽ പ്രതികളെ അറസ്റ്റു ചെയ്യാൻ സാധിച്ചു ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>ഇക്കോ ടൂറിസം പദ്ധതി</u>

*14 ശ്രീ. എൻ. ഷംസുദ്ദീൻ
,, വി. എം. ഉമ്മർമാസ്റ്റർ
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് നടപ്പാക്കിയ ഇക്കോടൂറിസം പദ്ധതികളുടെ പ്രവർത്തനം സംബന്ധിച്ച വിശദവിവരം നല്കുമോ ;

(ബി) ഈ പദ്ധതികളുടെ ഇവാലുവേഷൻ നടത്തിയിട്ടുണ്ടോ ; എങ്കിൽ കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) ആദിവാസികൾക്ക് ഈ പദ്ധതിയിൽ പങ്കാളിത്തം നല്കിയിട്ടുണ്ടോ ; എങ്കിൽ എത്രത്തോളമെന്നും, എത്ര കുടുംബങ്ങൾക്ക് ഇതുമൂലം പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>അഴിമതി നിവാരണ കമ്മിറ്റി</u>

*15 ശ്രീ. ബാബു എം. പാലിശ്ശേരി
,, കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)
,, ജെയിംസ് മാത്യൂ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റിട്ടയേർഡ് ചീഫ് സെക്രട്ടറി മോഹൻകുമാറിന്റെ നേതൃത്വത്തിലുള്ള അഴിമതി നിവാരണ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ എല്ലാം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; നടപ്പാക്കാനുദ്ദേശിക്കുന്നവ വിശദമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഭരണതലത്തിലുള്ള അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനായി നിലവിലുള്ള നിയമം കർശനമായി നടപ്പിലാക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>രാഷ്ട്രീയ പകപോക്കലും പോലീസിന്റെ നിഷ്പക്ഷതയും</u>

*16 ശ്രീ. എ. കെ. ബാലന്‍
,, കോടിയേരി ബാലകൃഷ്ണന്‍
,, കെ. വി. അബ്ദുള്‍ ഖാദര്‍
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ള അധികാരദുര്‍വിനിയോഗവും രാഷ്ട്രീയ എതിരാളികളെ കള്ളക്കേസുകളില്‍പ്പെടുത്തി അറസ്റ്റുചെയ്തു ജയിലില്‍ അടക്കുന്ന സ്ഥിതിവിശേഷവും സംബന്ധിച്ച ആക്ഷേപങ്ങള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് എത്ര നേതാക്കന്മാരെ ഗൂഢാലോചന കേസുകളില്‍പ്പെടുത്തി അറസ്റ്റുചെയ്ത് ജയിലില്‍ അടക്കുകയുണ്ടായെന്ന് വിശദമാക്കാമോ ; പ്രസംഗങ്ങളുടെയും വെളിപ്പെടുത്തലുകളുടെയും അടിസ്ഥാനത്തില്‍ എടുത്ത ഗൂഢാലോചന കേസുകള്‍ സംബന്ധിച്ച് വിശദമാക്കാമോ ;

(സി) രാഷ്ട്രീയ പകപോക്കലിനുള്ള ആയുധമായി പോലീസിനെ ഉപയോഗിക്കുന്നുവെന്ന ആക്ഷേപത്തെ തുടര്‍ന്ന് ജനരോഷം വളര്‍ന്നുവരുന്നു എന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; പോലീസിലെ നിഷ്പക്ഷത നടപ്പാക്കാന്‍ സര്‍ക്കാര്‍ തയ്യാറാകുമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>മദ്യനയം</u>

*17 ശ്രീമതി കെ. എസ്. സലീഖ
ശ്രീ. ബി. ഡി. ദേവസ്സി
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മദ്യനയത്തിൽ ഏതെല്ലാം ഘട്ടത്തിൽ എന്തെല്ലാം നിലയിലുള്ള മാറ്റങ്ങൾ വരുത്തുകയുണ്ടായെന്നും നിലവിലുള്ള മദ്യനയം എന്താണെന്നും വിശദമാക്കുമോ ;

(ബി) ഈ സർക്കാർ നിലവിൽ വരുമ്പോൾ സംസ്ഥാനത്തുണ്ടായിരുന്ന മദ്യബാറുകൾ എത്രയായിരുന്നു ; ഇപ്പോൾ എത്ര ബാറുകളുണ്ട് ; ഈ സർക്കാരിന്റെ കാലത്ത് പുതുക്കിക്കൊടുത്ത ബാർ ലൈസൻസുകൾ എത്ര ; ലൈസൻസിനായുള്ള എത്ര അപേക്ഷകൾ പരിഗണനയിലിരിക്കുന്നു ;

(സി) ബാറുകളുടെ കൈമാറ്റ-സ്ഥലമാറ്റ വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) തിരുത്തിയ മദ്യനയം ഈ രംഗത്ത് അഴിമതി വ്യാപകമാക്കാനിടയാക്കിയിരിക്കുന്നു എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

## സ്വാകര്യ കണ്ടൽകാടുകൾ

*18 ശ്രീ. മുല്ലക്കര രത്നാകരൻ
,, വി. എസ്. സുനിൽ കുമാർ
,, ഇ. കെ. വിജയൻ
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ കണ്ടൽകാടുകൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്;

(ബി) ഇവ ഏറ്റെടുക്കുന്നതിനുള്ള ഉത്തരവ് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര ഹെക്ടർ ഏറ്റെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) സ്വകാര്യ ഭൂമിയിൽ കണ്ടൽകാടുകൾ വച്ചുപിടിപ്പിക്കുന്നതിന് സാമ്പത്തിക സഹായം നൽകാറുണ്ടോ; എങ്കിൽ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; ഇതിനകം എത്ര പേർക്ക് സഹായം നൽകിയിട്ടുണ്ട്;

(ഡി) കണ്ടൽ പ്രദേശങ്ങളിൽ വൻകിട ടൂറിസം പദ്ധതികൾ പരിഗണനയിലുണ്ടോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

മത്സ്യസമ്പത്ത്

*19 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, എൻ. എ. നെല്ലിക്കുന്ന്
,, സി. മമ്മൂട്ടി
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായലുകൾ, നദികൾ, തടാകങ്ങൾ എന്നിവയിൽ മത്സ്യസമ്പത്ത് പരിപോഷിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് എന്തൊക്കെ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്നു;

(ബി) അശാസ്ത്രീയ മത്സ്യബന്ധനം ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്തിനെ ദോഷകരമായി ബാധിക്കുന്നു എന്നും, പല നാടൻ മത്സ്യഇനങ്ങളും അന്യം നിന്നുപോകുന്നു എന്നുമുള്ള വസ്തുത ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(സി) ഇതിന് പരിഹാരം കാണാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിക്കാറുള്ളത്;

(ഡി) ജലമലിനീകരണത്തോത് പരിശോധിക്കാനും, ജലജീവികളുടെ നിലനില്പിന് ആവശ്യമായ സാഹചര്യങ്ങൾ നിലനില്ക്കുന്നുണ്ടോ എന്നും ഉറപ്പുവരുത്താനുമുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

വനശ്രീയുടെ പ്രവർത്തനങ്ങൾ

*20 ശ്രീ. ബെന്നി ബെഹനാൻ
,, പി. എ. മാധവൻ
,, കെ. ശിവദാസൻ നായർ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനശ്രീയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) വനവിഭവങ്ങൾ മൂല്യവർദ്ധന വരുത്തി വിപണിയിലെത്തിക്കുന്നതിന് നടപടി എടുക്കുമോ;

(സി) ഇതിനായി വനങ്ങളിൽ താമസിക്കുന്ന ആദിവാസികൾക്ക് വേണ്ട പ്രായോഗിക പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) വനശ്രീയുടെ മൊബൈൽ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>പോലീസ് സ്റ്റേഷനുകളിൽ കൂട്ടിയിട്ടിരിക്കുന്ന വാഹനങ്ങൾ</u>

*21 ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പോലീസ് സ്റ്റേഷനുകളിൽ വിവിധ കേസുകളിൽ പിടിക്കപ്പെടുന്ന വാഹനങ്ങൾ കൂട്ടിയിടുന്നതു മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എത്ര വാഹനങ്ങൾ വിവിധ സ്റ്റേഷനുകളിലായി കൂട്ടിയിട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) 2001 ൽ പരിഷ്കരിച്ച പോലീസ് നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി എത്ര വാഹനങ്ങൾ നീക്കം ചെയ്തിട്ടുണ്ട്;

(ഡി) പോലീസ് സ്റ്റേഷൻ പരിസരം വാഹനങ്ങളുടെ ശവപ്പറമ്പായി മാറുന്നത് പോലീസ് സ്റ്റേഷന്റെ കാര്യക്ഷമതയെ മോശമായി ബാധിക്കുന്നത് തടയാൻ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) വാഹനങ്ങൾ സമയ ബന്ധിതമായി സ്റ്റേഷനുകളിൽ നിന്നും ഒഴിവാക്കികിട്ടാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

ഉദ്യോഗസ്ഥന്മാരുടെ സ്ഥലംമാറ്റം – നയ രൂപീകരണം

*22 ശ്രീ. ജോസഫ് വാഴക്കൻ
,, സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുതാര്യമായ രീതിയിൽ ഉദ്യോഗസ്ഥന്മാരുടെ സ്ഥലം മാറ്റം നടപ്പാക്കാനുള്ള നയത്തിന് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നയത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്നും നയരൂപീകരണത്തിന് മുൻപ് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യുന്ന കാര്യവും പരിഗണിക്കുമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>ഇ.എഫ്.എൽ നിയമം</u>

*23 ശ്രീ. കെ. കെ. ജയചന്ദ്രൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ. സുരേഷ് കുറുപ്പ്
ശ്രീമതി. കെ. എസ് സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി ദുർബല പ്രദേശങ്ങളെ (ഇ.എഫ്.എൽ) സംബന്ധിച്ച നിയമത്തിൽ മാറ്റം വരുത്താനുള്ള നിർദ്ദേശത്തോട് വനം വകുപ്പിന്റെ വിയോജിപ്പ് എന്താണെന്ന് വിശദമാക്കുമോ;

(ബി) ഇതു സംബന്ധമായി വനം വകുപ്പുമന്ത്രി മുഖ്യമന്ത്രിക്ക് സമർപ്പിച്ച കത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) 2011 നവംബറിൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന ഉന്നതതലയോഗത്തിൽ ഇ.എഫ്.എൽ നിയമത്തിൽ എന്തെല്ലാം ഭേദഗതികൾ കൊണ്ടുവരാനാണ് നിർദ്ദേശം ഉണ്ടായിരുന്നത്; വനംവകുപ്പിന്റെ നിലപാട് പ്രസ്തുത യോഗത്തിൽ ഉന്നയിക്കുകയുണ്ടായോ;

(ഡി) നിർദ്ദിഷ്ട നിയമഭേദഗതി നടപ്പിലാക്കിയാൽ നിലവിൽ ഏറ്റെടുത്തിരിക്കുന്ന എത്ര ഹെക്ടർ വനഭൂമി നഷ്ടപ്പെടുമെന്ന് വനംവകുപ്പ് കണക്കാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>ജലമാർഗ്ഗമുള്ള ചരക്കു നീക്കം</u>

*24 ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
,,അൻവർ സാദത്ത്
,,എ. റ്റി. ജോർജ്
,,വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലമാർഗ്ഗമുള്ള ചരക്കുനീക്കം യാഥാർത്ഥ്യമാക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ തുറമുഖങ്ങളെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഇതു സംബന്ധിച്ചുള്ള സാംപിത്രോഡയുടെ നിർദ്ദേശങ്ങൾ വിശദമായി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണം

*25 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണം മത്സ്യഫെഡ് വഴിയാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കേണ്ട മണ്ണെണ്ണ കരിഞ്ചന്തയിലേക്ക് എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയതു തടയാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

വര്‍ഗ്ഗീയ സംഘട്ടനം

*26 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. വി. ചെന്താമരാക്ഷന്‍
ഡോ. കെ. ടി. ജലീല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മതനിരപേക്ഷതയ്ക്ക് ഹാനിവരുത്തുന്ന തരത്തില്‍ വര്‍ഗ്ഗീയ വികാരം ഇളക്കിവിടാന്‍ ചില ശക്തികള്‍ പ്രവര്‍ത്തിച്ചുവരുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ അത്തരം ശക്തികളേയും പ്രവണതകളേയും അവസാനിപ്പിക്കാന്‍ സ്വീകരിച്ചിട്ടുള്ള നടപടികള്‍ വിശദമാക്കാമോ ;

(സി) വര്‍ഗ്ഗീയവികാരം ഇളക്കിവിടാന്‍ ശ്രമിച്ച എത്രപേരെ ഈ സര്‍ക്കാരിന്റെ കാലത്ത് പോലീസ് അറസ്റ്റു ചെയ്യുകയുണ്ടായി; ഏതെല്ലാം സംഘടനകളെ നിയമവിരുദ്ധ പ്രവര്‍ത്തനത്തിന്റെ പേരില്‍ നിരോധിക്കുകയുണ്ടായി;

(ഡി) ഈ സര്‍ക്കാരിന്റെ കാലത്തുണ്ടായ വര്‍ഗ്ഗീയ സംഘട്ടനങ്ങള്‍ ഏതൊക്കെയായിരുന്നു ; കാസര്‍ഗോഡ് നടന്ന വര്‍ഗ്ഗീയ സംഘട്ടനം സംബന്ധിച്ച അന്വേഷണ കമ്മീഷന്‍ തുടര്‍ന്ന് പ്രവര്‍ത്തിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയുണ്ടായോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>കാട്ടാനശല്യം തടയാൻ നടപടി</u>

*27 ശ്രീ. കെ. ശിവദാസൻ നായർ
'' ലൂഡി ലൂയിസ്
'' എ. പി. അബ്ദുള്ളക്കുട്ടി
'' ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിഭൂമിയിലും മനുഷ്യരുടെ വാസസ്ഥലങ്ങളിലും ഇറങ്ങുന്ന കാട്ടാനകളെ തുരത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) ഇതിനായി സ്ഥിരം ടാസ്ക് ഫോഴ്സ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ടാസ്ക് ഫോഴ്സിന്റെ പ്രവർത്തന രീതികൾ എന്തൊക്കെയാണ് ;

(ഡി) എവിടെയെല്ലാമാണ് ഇവയുടെ പ്രവർത്തനം പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

**ജനസേവന കേന്ദ്രങ്ങൾ വഴി പോലീസിൽ പരാതിപ്പെടാൻ സംവിധാനം**

*28 ശ്രീ. അൻവർ സാദത്ത്
,, തേറമ്പിൽ രാമകൃഷ്ണൻ
,, എം.പി. വിൻസെന്റ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനസേവനകേന്ദ്രങ്ങൾ വഴി പോലീസിൽ പരാതിപ്പെടാൻ സംവിധാനമൊരുക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഈ സംവിധാനത്തിന്റെ പ്രവർത്തനരീതി വിശദമാക്കുമോ ;

(സി) ഈ സംവിധാനത്തിന്റെ നോഡൽ ഓഫീസർമാർ ആരൊക്കെയാണ് ;

(ഡി) പരാതികൾ നൽകാനുള്ള മുൻഗണന സ്ത്രീകൾക്കും മുതിർന്ന പൗരന്മാർക്കും നൽകുന്ന കാര്യം പരിഗണിക്കുമോ?

## കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>സേവനാവകാശ നിയമം</u>

*29 ശ്രീ. റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം കാര്യക്ഷമമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) സേവനാവകാശ നിയമത്തിന്റെ പ്രാധാന്യം പൊതുജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് ബോധവൽക്കരണ പരിപാടികൾ നടപ്പാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**10.12.2012-ലെ മറുപടിക്ക്**

<u>സിനിമാ തിയേറ്ററുകളിൽ ഇ-ടിക്കറ്റ്</u>

*30 ശ്രീ. ആർ.സെൽവരാജ്
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്
,,

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിനിമാ തിയേറ്ററുകളിൽ ഇ-ടിക്കറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സംവിധാനം കൊണ്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) നികുതി വെട്ടിപ്പ് തടയാൻ എന്തെല്ലാം കാര്യങ്ങളാണ് ഈ സംവിധാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) ഇതിനായി നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ?

കേരളനിയമസഭാസെക്രട്ടേറിയറ്റ്, പി. ഡി.ശാരംഗധരൻ,
തിരുവനന്തപുരം സെക്രട്ടറി
2012 ഡിസംബർ 01.